**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- **നബാർഡ്** - RIDF-XVIII – കാട്ടാക്കട ആമച്ചൽ പബ്ലിക്ക് ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം - പദ്ധതി നിർവ്വഹണ ചുമതല വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിനുകൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാ.ധാ)നം.1148/2013/തസ്വഭവ                    തിരുവനന്തപുരം, തീയതി, 25.04.2013

==========================================================================================

പരാമർശം:- 1. ജി.ഒ.(ആർ.ടി)നം.2231/12/ത.സ്വ.ഭ.വ തീയതി 17.08.2012.
2. ഗ്രാമവികസന കമ്മീഷണറുടെ 22.03.2013–ലെ 4593/ആർ & ഐ1/13/സി.ആർ.ഡി നം.കത്ത്.

## ഉത്തരവ്

നബാർഡ് RIDF-XVIII - ൽ ഉൾപ്പെടുത്തി വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിൽ, കാട്ടാക്കട, ആമച്ചൽ പബ്ലിക്ക് ഹെൽത്ത് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് 200 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് പരാമർശം 1 പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

പ്രസ്തുത പദ്ധതിയുടെ സംസ്ഥാന വിഹിതം കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കാൻ ബുദ്ധിമുട്ടാണെന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ടെന്നും എന്നാൽ ഈ പദ്ധതി ഏറ്റെടുക്കാൻ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്

കൈമാറുന്നതിന് അനുമതി നൽകണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം 2 പ്രകാരം സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നബാർഡ് RIDF-XVIII - ൽ ഉൾപ്പെടുത്തി വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച പദ്ധതിയായ കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ ആമച്ചൽ പബ്ലിക്ക് ഹെൽത്ത് സെന്റർ നിർമ്മാണത്തിന്റെ നിർവ്വഹണ ചുമതല തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജി.ശിവപ്രസാദ്,
അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്.
3. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, വെള്ളനാട്.
4. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ